പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3598 08.11.2019-ലെ മറുപടിക്ക്

## മഞ്ചേരി സ്റ്റേഷൻമാസ്റ്റർ ഓഫീസ് പ്രവർത്തനം പുനരാരംഭിക്കാൻ നടപടി

ചോദ്യം

ശ്രീ.എം.ഉമ്മർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാന്റിൽ പ്രവർത്തിച്ചുവന്നിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>മുൻകാലത്ത് ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് മഞ്ചേരി ബസ് സ്റ്റാൻഡിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ബസ് സ്റ്റാൻഡ് പ്രവർത്തിക്കാത്തതിനാൽ പ്രസ്തുത സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പ്രവർത്തനം നിർത്തി വച്ചിട്ടുണ്ട്. |
| (ബി) | വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ പ്രസ്തുത ഓഫീസിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല. മഞ്ചേരി നഗരസഭ അനുവദിച്ച മുറിയിലാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. |
| (സി) | പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന് പോകുന്ന നിലവിലെ സാഹചര്യത്തിൽ മഞ്ചേരി ബസ് സ്റ്റേഷനിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ